കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരുമ്പളം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി14-1202/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

തീയതി. 16.09.2017

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരുമ്പളം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരുമ്പളം ഗ്രാമ പഞ്ചായത്ത്- 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി14-1202/17 തീയതി. 16.09.2017

## ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.11.2016 മുതൽ 31.07.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 22.08.2017മുതൽ<br>31.08.2017 വരെ | ശ്രീമതി. വി. മായ, ഓഡിറ്റ് ഓഫീസർ<br>ശ്രീ. പ്രശോഭൻ. കെ. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ജോസഫ് ജോർജ്ജ്, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | | |
|---|---|---|
| 1. | ശ്രീ. കെ.എസ്.ഷിബു | 01.04.2016 മുതൽ 31.03.2017 വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. വീണ.എസ് | 01.04.2016 മുതൽ 29.07.2016 വരെ |
| 2 | ശ്രീ.എം.പി.മഹീധരൻ, (ഹെഡ് ക്ലർക്ക് അധികചുമതല) | 29.07.2016 മുതൽ 21.09.2016 വരെ |
| 3 | ശ്രീ.പി.വി.മണിയപ്പൻ | 22.09.2016 മുതൽ 15.12.2016 വരെ |
| 4 | ശ്രീ.നൗഷൽ. എ, ഹെഡ് ക്ലർക്ക് അധികചുമതല | 15.12.2016 മുതൽ 21.12.2016 വരെ |
| 5 | ശ്രീ.ഷിബു.കെ.എം | 21.12.2016 മുതൽ 31.03.2017 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. ഗീത സന്തോഷ് | 01.04.2016 മുതൽ 31.03.2017 വരെ |
| 2 | വികസനകാര്യം | ശ്രീമതി. അരുണ ശ്രീകുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി. ശോഭന ചക്രപാണി | 01.04.2016 മുതൽ 31.03.2017 വരെ |
| 4 | ആരോഗ്യകാര്യം<br>വിദ്യാഭ്യാസകാര്യം | ശ്രീ.പി.ഡി.സജീവ് | 01.04.2016 മുതൽ 31.03.2017 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ലത.ഇ.വി | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.കെ.ബി.ഷാഹുൽ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ശശികല | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സ്നേഹ പി.എസ് | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഗിരീഷ് ശശിധരൻ | 01.04.2016 മുതൽ 28.09.2016 വരെ |
| | ഡോ.ശീതൾ. ജി. മോഹൻ | 28.09.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശോഭന.വി | 01.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ജാൻസി.എഫ് | 01.04.2016 മുതൽ 17.10.2016 വരെ |
| | ശ്രീമതി. സ്വീറ്റ | 17.10.2016 മുതൽ 15.01.2017 വരെ |
| | ശ്രീമതി.രമ.എസ്സ് | 16.01.2017മുതൽ 31.03.2017 വരെ |
| എച്ച്.എം. യു.പി.എസ് | ശ്രീമതി.ജയന്തി.വി.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.കെ.പി.സതീഷ്കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി.അനുരാജ് | 01.04.2016 മുതൽ 28.02.2017 വരെ |
| | ശ്രീമതി. പൊന്നമ്മ കെ.ജെ | 01.03.2017 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീമതി. ദീപ. ആർ | 01.04.2016 മുതൽ 10.11.2016 വരെ |

| | | |
|---|---|---|
| | ശ്രീ.മനോജ്.കെ.കെ | 10.11.2016 മുതൽ 31.03.2017 വരെ |
| | ശ്രീമതി.ജുനൈദ്.പി.എസ്സ് | 10.11.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം



| ക്രമ നം. | ഇനം. | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം 1 | | |
| 1 | പൊതു അവലോകനം | 1-1 to 1-9 |
| ഭാഗം2 | | |
| 2 | വസ്തു നികുതി പരിഷ്കരണം, നികുതി പിരിവ് എന്നിവയിലെ അപാകങ്ങൾ | 2-1 |
| 3 | തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ | 2-2 |
| 4 | D&O ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ | 2-3 |
| 5 | ജങ്കാർ സർവ്വീസ് - പ്രധാന അപാകങ്ങൾ | 2-4 |
| 6 | വാടക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല | 2-5 |
| 7 | ഇ-ടെൻഡർ നടത്തിയ പ്രവൃത്തികളുടെ ടെൻഡർ ഫീസ് തിരികെ ലഭിച്ചിട്ടില്ല | 2-6 |
| ഭാഗം 3 | | |
| 8 | ആർജിതാവധി സറണ്ടർ -അധിക തുക അനുവദിച്ചു | 3-1 |
| 9 | സ്പോർട്സ് കിറ്റ് വിതരണം-കുറഞ്ഞ നിരക്ക് അംഗീകരിക്കാത്തതിനാൽ നഷ്ടം | 3-2 |
| 10 | കുന്നത്ത് അംഗൻവാടി പുനർനിർമ്മാണം - ടെൻഡർ വ്യതിയാനം കുറവാക്കിയില്ല | 3-3 |
| 11 | ഒ.ഡി.എഫ് - അഡ്വാൻസ് തുക നൽകിയിട്ടും പണി പൂർത്തീകരിച്ചില്ല. | 3-4 |
| 12 | ഡ്രൈവിംഗ് പരിശീലനം- പരിശീലനത്തിന് മുമ്പേ തുക അഡ്വാൻസായി നൽകി | 3-5 |

| | | |
|---|---|---|
| 13 | പാലിയേറ്റീവ് പരിചരണം -മരുന്നുവാങ്ങലിലെ അപാകങ്ങൾ | 3-6 |
| 14 | തെരുവുവിളക്കുകൾ -പഴയ നിരക്കിലെ ചാർജ്ജ് നൽകുന്നതുമൂലം അധികച്ചെലവ് | 3-7 |
| 15 | തെരുവ് വിളക്ക് അറ്റകുറ്റ പണി -ആവശ്യമായ രേഖകളില്ലാതെ പണം നൽകി | 3-8 |
| 16 | സ്ട്രീറ്റ് ലൈനുവേണ്ടി പണം പിൻവലിച്ചെങ്കിലും K.S.E.B യിൽ അടച്ചില്ല. | 3-9 |
| 17 | ചെലവ് രേഖകൾ ഹാജരാക്കിയില്ല ചെലവ് തടസ്സപ്പെടുത്തുന്നു | 3-10 |
| 18 | കന്നുകുട്ടിപരിപാലനം | 3-11 |
| ഭാഗം 4 | | |
| 19 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |
| അനുബന്ധം | | |
| 20 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (മലയാളം) | |
| 21 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (ഇംഗ്ലീഷ്) | |
| 22 | ഖണ്ഡിക 3-2 നഷ്ടത്തിനുത്തരവാദികളായ പഞ്ചായത്ത് കമ്മറ്റി അംഗങ്ങളുടെ മേൽവിലാസം | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 64956600 | 63093338 |
| വാർഷിക കണക്ക് പ്രകാരം (റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ട് പ്രകാരം) | 32247686 | 25230856 |

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. വാർഷിക കണക്കിലെ അപാകതകൾ ഖണ്ഡിക 4-1 -ൽ പരാമർശിച്ചിട്ടുണ്ട്

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5462788 | 5430732 | 99.41 |
| വികസനഫണ്ട് എസ്.സി.പി | 1291368 | 1084298 | 83.97 |
| വികസനഫണ്ട് റ്റി.എസ്.പി | 90765 | 79638 | 87.74 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1196991 | 285405 | 23.84 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 2554755 | 2554755 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3063972 | 2192308 | 71.55 |
| പെർഫോമൻസ് ഗ്രാന്റ് | 935730 | 906331 | 96.86 |
| ബിഫണ്ട് | 13254410 | 13254410 | 100 |
| എം.എൻ.ആർ.ഇ.ജി.എസ് | 30656930 (മുന്നിരിപ്പ് 1274/- രൂപ ഉൾപ്പെടെ) | 30625315 | 100 (നീക്കിയിരിപ്പ് 31615/- രൂപ ഉൾപ്പെടെ) |

## 1-4 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 99 | 24143731 | 54 | 13582499 | 23 | 22 | 54.55 |

## 1-5 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെപ്പറയും പ്രകാരം 1.01% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം (2015-16) | തൻവർഷം (2016-17) | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 643010 | 789174 | 146164 | 22.73 |
| നികുതിയേതര വരവുകൾ | 3583718 | 62443 | (-)3521275 | (-)98.26 |
| മറ്റ് വരവുകൾ | 208836 | 3628913 | 3420077 | 1638 |

| | | | | |
|---|---|---|---|---|
| ആകെ | 4435564 | 4480530 | 44966 | 1.01 |

1-6 ക്ഷേമപദ്ധതികൾ

തൻവർഷം വിവിധ ക്ഷേമപദ്ധതികൾക്കായി 1579 ഗുണഭോക്താക്കൾക്ക് 13254410/- രൂപ ചെലവഴിച്ചിട്ടുണ്ട്.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 260040 | 175 |
| കർഷകതൊഴിലാളി പെൻഷൻ | 2494840 | 278 |
| വിധവാ പെൻഷൻ | 3764260 | 334 |
| വാർദ്ധക്യകാല പെൻഷൻ | 5232465 | 654 |
| വികലാംഗ പെൻഷൻ | 1013235 | 104 |
| അവിവാഹിത പെൻഷൻ | 219570 | 25 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 270000 | 9 |
| ആകെ | 13254410 | 1579 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.08.2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6786/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009 ലെ ജി.ഒ(എം.എസ്)23/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.07.2017 | 2017 ജൂൺ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.09.2016 | 2012-13 മുതൽ 2015-16 വരെ | ലഭിച്ചിട്ടില്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പരിഷ്കരണം,നികുതി പിരിവ് എന്നിവയിലെ അപാകങ്ങൾ

പെരുമ്പളം ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണം, നികുതി പിരിവ് എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. 2013 മാർച്ച് 31 ന് വാർഷിക കണക്കുപ്രകാരം വസ്തു നികുതിയിനത്തിൽ തൻവർഷ കുടിശ്ശിക 61,073/- രൂപയും മുൻവർഷങ്ങളിലെ കുടിശ്ശിക 37561/- രൂപയും ലഭിക്കാനുണ്ട്. 01.04.2013 മുതൽ പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പുന:നിർണ്ണയിച്ചപ്പോൾ ലഭിക്കാനുണ്ടായിരുന്ന കുടിശ്ശിക മാന്വലായി ജനറേറ്റ് ചെയ്ത് ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. ഈ സാമ്പത്തിക വർഷത്തെ കുടിശ്ശിക ഡിമാന്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ സഞ്ചയ സോഫ്റ്റ് വെയറിൽ ഈ വിവരങ്ങൾ ലഭ്യമല്ലാത്തത് മൂലം ഈ കുടിശ്ശിക പൂർണ്ണമായി നഷ്ടമാകുന്നതിനുള്ള സാഹചര്യമാണുള്ളത്.
2. 2016-17 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വാസഗൃഹങ്ങളുടെ വസ്തു നികുതിയായി പിരിച്ചെടുക്കാനുണ്ടായിരുന്നത് 372398/- രൂപയും താമസേതര കെട്ടിടങ്ങളുടേത് 150000/- രൂപയുമാണ്. വരവ് ചെലവ് കണക്കുകൾ പ്രകാരം 2016-17ൽ താമസേതരകെട്ടിടങ്ങളിൽ നിന്നും 867/-രൂപ (0.58%) മാത്രമാണ് നികുതി ലഭിച്ചിട്ടുള്ളത്. ബാലൻസ് ഷീറ്റിൽ കുടിശ്ശികയായി 106590/- മാത്രം ലഭിക്കാനുള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനക്ക് ലഭ്യമാക്കിയില്ല.
3. പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന എല്ലാ കെട്ടിടങ്ങളുടേയും വസ്തു നികുതി ഡാറ്റാ എൻട്രി പൂർത്തീകരിച്ച് മേൽപരിശോധന നടത്തി ഉറപ്പുവരുത്തിയതായി വിവരങ്ങൾ ലഭിച്ചിട്ടില്ല.
4. വസ്തു നികുതി പുന:നിർണ്ണയത്തിനുശേഷം കൂട്ടിച്ചേർക്കലുകൾ, ഘടനാപരമായ വ്യത്യാസം വരുത്തിയ കെട്ടിടങ്ങൾ എന്നിവ കണ്ടെത്തി നികുതി പുന: നിർണ്ണയിച്ചത് സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല. ഇത് നികുതി ചോർച്ചക്ക് കാരണമാകുന്നതാണ്. ഇവ കണ്ടെത്തുന്നതിനായി വാർഡ് ചുമതലയുള്ള ജീവനക്കാരുടെ നേതൃത്വത്തിൽ ഫീൽഡ് തലത്തിലെ വിവരശേഖരണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.
5. ഉപയോഗക്രമത്തിലുള്ള മാറ്റം അറിയിക്കാത്ത കെട്ടിട ഉടമകളിൽ നിന്നും ചട്ടം 17 പ്രകാരമുള്ള പിഴ ഈടാക്കിയത് സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിട്ടില്ല.ഫീൽഡ് തലത്തിലെ നികുതി ശേഖരണം നാമമാത്രമായതിനാൽ ഈ വിവരങ്ങൾ ലഭ്യമാകുന്നില്ല.
6. നികുതി ഒഴിവാക്കാനുള്ള കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് സത്യവാങ്മൂലം വാങ്ങിയ ശേഷമാണ് നികുതി ഒഴിവാക്കി നൽകിയിട്ടുള്ളതെന്ന് പരിശാധിക്കുവാൻ സാധിച്ചിട്ടില്ല.

## 2-2 തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകങ്ങൾ.

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സംബന്ധിച്ച ഫയൽ ,രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കാണുന്നു.

1. പെരുമ്പളം സർവ്വീസ് സഹകരണ ബാങ്ക്, മാവേലി സ്റ്റോർ, സഹകരണ നീതി സ്റ്റോർ എന്നിവയുടെ സ്ഥാപന തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടില്ല. ഓരോ അർദ്ധവർഷവും 1250/- രൂപ നിരക്കിൽ ഈ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കേണ്ട 7500 രൂപ ഈ സാമ്പത്തികവർഷം ലഭിച്ചിട്ടില്ല. ഈ തുക ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.
2. 26/2/2016ലെ G.O.(P)28/16/Fin പ്രകാരം വിവിധ സർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കും സ്ഥിരം ജീവനക്കാർക്ക് നൽകുന്ന വേതനത്തിനാനുപാതികമായി വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരമുള്ള ഏറ്റവും കുറഞ്ഞ ദിവസവേതനം 2016-17 ൽ 600/- രൂപയാണ്. ഇത് പ്രകാരം ഈ ഉത്തരവ് ബാധകമായ പഞ്ചായത്തിലെ വിവിധ സ്കൂളുകളടക്കമുള്ള സ്ഥാപനങ്ങളിലെയും താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന മുഴുവൻ ജീവനക്കാരുടേയും വിവരങ്ങൾ ആവശ്യപ്പെട്ട് അവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.
3. പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റിൽ നിന്നും സി.ഡി.എസ്സ് അക്കൌണ്ടന്റിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.തൊഴിൽ നികുതി ചട്ടങ്ങൾ

പ്രകാരമുള്ള വരുമാനപരിധിയിലുൾപ്പെടുന്ന എല്ലാ ജീവനക്കാരിൽ നിന്നും ബാധകമായ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 D&O ലൈസൻസ് ഫീസ് ഈടാക്കുന്നതിലെ അപാകങ്ങൾ

2016-17 വർഷത്തെ ഡി & ഒ ഫീസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതു പ്രകാരം പെരുമ്പളം ഗ്രാമപഞ്ചായത്തിലെ പലസ്ഥാപനങ്ങളും ഡി&ഒ. ലൈസൻസ് എടുക്കാതെയും ഫീസിനത്തിൽ വളരെ കുറഞ്ഞ തുക മാത്രം നൽകിയുമാണ് പ്രവർത്തിക്കുന്നതെന്ന് കാണുന്നു. ലൈസൻസിന് മുൻവർഷം വാങ്ങിയ ഫീസ് അതേപടി തുടർന്നും വാങ്ങിവരുന്നതായാണ് കാണുന്നത്. കേവലം നാല് സ്ഥാപനങ്ങളിൽ നിന്നു മാത്രമാണ് 100/-രൂപക്ക് മുകളിൽ ലൈസൻസ് ഫീസീടാക്കുന്നത്. 2013-14 സാമ്പത്തികവർഷം 83 സ്ഥാപനങ്ങളും, 2014-15 സാമ്പത്തികവർഷം 70 സ്ഥാപനങ്ങളും D&O ലൈസൻസ് എടുത്തിരുന്ന സാഹചര്യത്തിൽ 2016-17ൽ 51 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. D&O ലൈസൻസ് രജിസ്റ്ററിൽ ബിസിനസ് സ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്താതെ പകരം ഉടമയുടെ സ്ഥിര മേൽവിലാസമാണ് ചേർത്തിട്ടുള്ളത്. ഇത് മൂലം സ്ഥാപനങ്ങളുടെ വിശദവിവരങ്ങളും, നടത്തുന്ന ബിസിനസ്, വിറ്റുവരവ് എന്നിവ സംബന്ധിച്ച അപേക്ഷയിലെ വിവരങ്ങളും പരിശോധിക്കുവാൻ സാധിക്കുന്നില്ല. പഞ്ചായത്തിൽ വാർഡടിസ്ഥാനത്തിൽ ട്രേഡേഴ്സിന്റെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക 1 ൽ ഉൾപ്പെട്ടിട്ടുള്ള പല സ്ഥാപനങ്ങളിൽ നിന്നും പെരുമ്പളം ഗ്രാമപഞ്ചായത്ത് ലൈസൻസ് ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഉദാ:- അബ്കാരി ഷോപ്പുകൾ (ക്രമനം.139), പാരാമെഡിക്കൽ സ്ഥാപനങ്ങൾ (ക്രമ നം. 143), റീട്ടെയിൽ റേഷൻ ഡിപ്പോകൾ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ (S.C.B no-46) (ക്രമ നം. 149), ക്ഷീരസംഘങ്ങൾ (ക്രമ നം. 132) മുതലായവയൊന്നും ലൈസൻസില്ലാതെയൊ അവ പുതുക്കാതെയോ ആണ് പ്രവർത്തിക്കുന്നത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസില്ലാതെയും വരുമാനത്തിനനുസൃതമായ ഫീസ് നൽകാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുവാൻ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ജങ്കാർ സർവ്വീസ് - പ്രധാന അപാകങ്ങൾ

പെരുമ്പളം ഗ്രാമ പഞ്ചായത്തിൽ നടത്തുന്ന ജങ്കാർ സർവ്വീസ് 01/04/2016 മുതൽ 15/04/2016വരെയുള്ള കാലയളവിൽ ശ്രീ.മുരളീകൃഷ്ണൻ, അശ്വതി, പെരുമ്പളം എന്നയാളും 16/04/2016 മുതൽ 31/03/2017 വരെ ശ്രീ.കെ.ബി വിജയകുമാർ, ജനകീയ ജങ്കാർ ട്രസ്റ്റുമാണ് ലേലം കൊണ്ടത്. ജങ്കാർ സർവ്വീസ് സംബന്ധിച്ച് മേൽ കക്ഷികളുമായി ഏർപ്പെട്ട കരാർ, ജങ്കാർ വാടക സംബന്ധിച്ച് കിൻകോയുമായി പുതുക്കിയ കരാർ എന്നിവയുടെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ജങ്കാർ വരവ്,ചെലവ് കണക്കുകൾ സംബന്ധിച്ച് ജങ്കാർ രജിസ്റ്റർ, ലഡ്ജർ എന്നിവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലുള്ള പ്രധാന അപാകങ്ങൾ താഴെപ്പറയുന്നു.

1. 01/04/2016 മുതൽ 15/04/2016വരെയുള്ള കാലയളവിൽ ശ്രീ. മുരളീകൃഷ്ണൻ, അശ്വതി, പെരുമ്പളം എന്നയാൾ പ്രതിദിനം 10570/- രൂപ നിരക്കിൽ നൽകേണ്ടിയിരുന്നത് 158550രൂപയാണ്.എന്നാൽ ഈ കാലയളവിലെ 105700/- രൂപ മാത്രമാണ് ലഡ്ജർ പ്രകാരം വരവുള്ളത്. ബാക്കി 52850/- രൂപ ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.
2. 16/04/2016മുതൽ 31/03/2017 വരെ ജങ്കാർ സർവ്വീസ് നടത്തുവാൻ കരാറെടുത്ത ശ്രീ.കെ.ബി വിജയകുമാർ, ജനകീയ ജങ്കാർ ട്രസ്റ്റ് 28/02/2017 വരെ സർവ്വീസ് നടത്തിയതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ കാലയളവിൽ പ്രതിദിനം 10100/- രൂപ നിരക്കിൽ 319 ദിവസങ്ങളിലേക്ക് 32,21,900/- രൂപയാണ് നൽകേണ്ടിയിരുന്നത്. എന്നാൽ 31,22,780/- രൂപ മാത്രമാണ് ഈടാക്കിയത്. ബാക്കി തുകയായ 99120/- രൂപ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല.

ഹർത്താൽ, റിപ്പയർ എന്നിവ മൂലമുള്ള സർവ്വീസ് മുടക്കം സംബന്ധിച്ച് കരാറിലുള്ള വ്യവസ്ഥകൾ ലഭ്യമാക്കിയിട്ടില്ല.

3. റോഡ് പണി, ജങ്കാർ തകരാർ, ഹർത്താൽ എന്നിവ മൂലം ഏതാനും ദിവസങ്ങളിൽ സർവ്വീസ് മുടങ്ങിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ദിവസങ്ങളിലെ വാടക കിൻകോ ഒഴിവാക്കി നൽകിയതു് സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിട്ടില്ല.
4. പഞ്ചായത്തിന് എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിച്ച ജങ്കാർ 01.03.2017 മുതൽ ഓടിത്തുടങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാലയളവിലെ ജങ്കാറിന്റെ നടത്തിപ്പ് സംബന്ധിച്ച വിവരങ്ങളൊന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 2-5 വാടക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല

പെരുമ്പളം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഇറപ്പുഴ ജെട്ടിയിലുള്ള കടമുറി ശ്രീ.ശിവദാസൻ, കക്കണാത്തറ നികർത്ത് എന്നയാൾക്ക് പ്രതിമാസം 700/- രൂപ നിരക്കിൽ വാടകക്ക് നൽകിയിരുന്നു. ഈ കടമുറിയുടെ 04/2016 മുതൽ 01/2017 വരെയുള്ള 10 മാസങ്ങളിലെ വാടക ഈടാക്കിയതിന്റെ വിവരങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 2017-18 സാമ്പത്തികവർഷവും ഈ കടമുറി ഇദ്ദേഹം തന്നെയാണ് ലേലം കൊണ്ടിരിക്കുന്നത്. എന്നാൽ 2017 ഏപ്രിൽ മുതലുള്ള വാടക മാത്രമാണ് നൽകിയതായി രേഖയുള്ളത്. 2017 ഫെബ്രുവരി,മാർച്ച് മാസങ്ങളിലെ വാടക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയില്ല. 2017 ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ വാടക കുടിശ്ശിക 1400/- രൂപ ഈടാക്കുവാൻ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 ഇ-ടെൻഡർ നടത്തിയ പ്രവൃത്തികളുടെ ടെൻഡർ ഫീസ് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം ഇ-ടെണ്ടർ നടത്തിയ കുന്നത്ത് അംഗൻവാടി (89 -ാം നമ്പർ) പുനർ നിർമ്മാണം (S0110/16) എന്ന പ്രവൃത്തിയിൽ എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൌണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുള്ള ടെണ്ടർ ഫീസിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ടെൻഡർ ID | കരാറുകാരന്റെ പേര് | തുക |
|---|---|---|
| 2016-LSGD-79539-1 | ശ്രീ. കെ. ജി. ഗോപി, കൈകാട്ട് നികർത്ത് | 1100 |
| | ശ്രീ. സെയ്ഫുദ്ദീൻ. വി. എസ്, വടക്കേ പാണ്ടനാട് | 1100 |
| ആകെ | | 2200 |

ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ലഭ്യമാക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആർജിതാവധി സറണ്ടർ -അധിക തുക അനുവദിച്ചു

കെ.എസ്.ആർ പാർട്ട് 1, അപ്പൻഡിക്സ് VII ലെ റൂൾ 2 പ്രകാരം 1 മുതൽ 5 വർഷം വരെയുള്ള കാലയളവിലേക്ക് ജോലി ചെയ്യുന്ന, കെ.എസ്.ആർ പാർട്ട് 1 റൂൾ 8 പ്രകാരം താത്കാലികമായി നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് വർഷത്തിൽ പരമാവധി 15 ആർജിതാവധിക്കാണ് അർഹതയുള്ളത്. എന്നാൽ 2017 മാർച്ച് മാസത്തെ 654-ാം നമ്പർ ബിൽ (ചെക്ക് നം. -906459, തീയതി. 30.03.17) പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റ് ശ്രീ. അഞ്ജിത്ത്. പി.യു വിന് 30.03.2017 ലെ എ2/67/2017 ഉത്തരവ് പ്രകാരം 20 ദിവസം നിരക്കിൽ ആർജിതാവധി കണക്കാക്കി 14

ദിവസത്തെ അവധി കുറച്ച് 6 ദിവസത്തെ ആർജിതാവധി സറണ്ടർ തുക 3867/- രൂപ നൽകിയിട്ടുണ്ട്. ആർജിക്കുന്ന അവധി വർഷാവർഷം പണമാക്കാതെ ക്രെഡിറ്റിൽ സൂക്ഷിക്കുന്ന സാഹചര്യത്തിൽ മാത്രമാണ് ക്രെഡിറ്റിലുള്ള അവധികൾ ഒരു വർഷം പരമാവധി 30 എണ്ണം എന്ന നിരക്കിൽ സറണ്ടർ ചെയ്യുന്നതിന് അനുവദിച്ചിട്ടുള്ളത്. വർഷം 15 ആർജിതാവധിക്ക് മാത്രം അർഹതയുള്ള ജീവനക്കാരന് 20 ദിവസത്തെ ആർജിതാവധി അനുവദിച്ചത് ക്രമപ്രകാരമല്ല. ടെക്നിക്കൽ അസിസ്റ്റന്റിന് 3200/- രൂപ (3867-667) അധികം ആർജിതാവധി സറണ്ടർ അനുവദിച്ചത് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-2 സ്പോർട്സ് കിറ്റ് വിതരണം-കുറഞ്ഞ നിരക്ക് അംഗീകരിക്കാത്തതിനാൽ നഷ്ടം

അംഗീകൃത ക്ളബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം എന്ന പ്രോജക്ടിനായി സ്പോർട്സ് ഉപകരണങ്ങൾ വാങ്ങിക്കുവാൻ ക്വട്ടേഷൻ ക്ഷണിച്ചതിൽ സിറ്റി സ്പോർട്സ് ചേർത്തല , ഒളിമ്പിക്സ് സ്പോർട്സ് ചേർത്തല എന്നീ രണ്ട് സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിച്ചു. തുടർന്ന് 10-3-2017 ൽ ചേർന്ന പഞ്ചായത്ത് കമ്മറ്റിയുടെ 2-ാമത് നിശ്ചയപ്രകാരം സിറ്റി സ്പോർട്സ് ചേർത്തലയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും നിർവ്വഹണഉദ്യോഗസ്ഥൻ ബിൽ നം. 48/29-3-17പ്രകാരം 51521രൂപ പിൻവലിച്ച് സ്പോർട്സ് ഉപകരണങ്ങൾക്കായി സ്ഥാപനത്തിനു നൽകുകയുമുണ്ടായി. മുകളിൽ കാണിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ ക്വട്ടേഷൻ പരിശോധിച്ചാൽ സിറ്റി സ്പോർട്സ് ക്വാട്ട് ചെയ്തിട്ടുള്ള വിലയേക്കാൾ കുറഞ്ഞ വിലയാണ് ഒളിമ്പിക്സ് സ്പോർട്സ് എന്ന സ്ഥാപനം ക്വാട്ട് ചെയ്തിട്ടുള്ളത് എന്നു കാണാം. വിശദവിവരം താഴെ കൊടുക്കുന്നു.

| സാധനങ്ങൾ/എണ്ണം | വാങ്ങിയ നിരക്ക് | ഒളിമ്പിക്സ് സ്പോർട്സ് ക്വാട്ട് ചെയ്തിട്ടുള്ള നിരക്ക് | വ്യത്യാസം | ആകെ |
|---|---|---|---|---|
| ഷട്ടിൽ നെറ്റ്-4 | 380 | 600 | -220 | -880 |
| ഷട്ടിൽ-4 | 620 | 250 | 370 | 1480 |
| വോളീബോൾ-13 | 1150 | 550 | 600 | 7800 |
| വോളീബോൾ നെറ്റ്-13 | 590 | 750 | -160 | -2080 |
| ക്രിക്കറ്റ് ബാറ്റ്-9 | 1100 | 650 | 450 | 4050 |
| ക്രിക്കറ്റ് ബോൾ-36 | 70 | 50 | 20 | 720 |
| സ്റ്റംപ് സെറ്റ്-1 | 700 | 400 | 300 | 300 |
| ഫുട്ബോൾ-10 | 750 | 650 | 100 | 1000 |
| കാരംസ് ബോർഡ്-4 | 1250 | 1250 | 0 | 0 |
| ആകെ | | | | 12390 |

കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും സ്പോർട്സ് ഉപകരണങ്ങൾ വാങ്ങാതിരുന്നതിനാൽ 12390 രൂപയുടെ നഷ്ടം വന്നിട്ടുണ്ട്.

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഒളിമ്പിക്സ് സ്പോർട്ട്സ് ചേർത്തല എന്ന സ്ഥാപനത്തിന് വാറ്റ് രജിസ്ട്രേഷൻ ഇല്ലാതിരുന്നതിനാലാണ് ഈ സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കാതിരുന്നതെന്നാണ്. വാറ്റ് രജിസ്ട്രേഷൻ ഇല്ലെങ്കിൽ വാറ്റ് തുക പഞ്ചായത്ത് ഈടാക്കി വാണിജ്യ നികുതി വകുപ്പിൽ അടക്കാവുന്നതാണ് എന്നതിനാൽ ഈ മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഈ തുക നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടേയും 10.03.2017-ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടേയും ബാദ്ധ്യതയായി കണക്കാക്കുന്നു.

*മറ്റ് അപാകതകൾ*

1) നാല് കാരംസ് ബോർഡുകൾ വാങ്ങിയെങ്കിലും മൂന്നെണ്ണം മാത്രമാണ് വിതരണം ചെയ്തതായി കാണുന്നത്.

2) സ്പോർട്സ് ഉപകരണങ്ങൾ കൈപ്പറ്റിയ ക്ളബുകളുമായി കരാർ വച്ചിട്ടില്ല.

## 3-3 കുന്നത്ത് അംഗൻവാടി പുനർനിർമ്മാണം - ടെൻഡർ വ്യതിയാനം കുറവാക്കിയില്ല

കുന്നത്ത് അംഗൻവാടി (89 -ാം നമ്പർ) പുനർ നിർമ്മാണത്തിനായി (S0110/16) ഇ ടെൻഡർ ക്ഷണിച്ചതിൽ, ശ്രീ.കെ.ജി.ഗോപി, കൈകാട്ട് നികർത്ത് എന്നയാളുടെ 0.5%കുറവ് രേഖപ്പെടുത്തിയ ടെൻഡർ പഞ്ചായത്ത് കമ്മറ്റിയുടെ 23.08.2016-ലെ 1(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. അളവ് പുസ്തകം 16/16 പ്രകാരം പ്രവൃത്തിയുടെ ആകെ മൂല്യമായ 376228 രൂപയിൽ നിന്ന് ടെൻഡർ വ്യതിയാനം 0.5% കുറവ് വരുത്താതെയാണ് കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്. ഇതുമൂലം 1881 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. 29.03.17-ലാണ് അളവുപുസ്തകത്തിൽ ചെലവ് വിവരങ്ങൾ രേഖപ്പെടുത്തി ക്ലോസ്സ് ചെയ്തിട്ടുള്ളത്. 2016-17 വർഷം ബിൽ ട്രഷറിയിൽ സമർപ്പിച്ചെങ്കിലും തുക 76228 രൂപ പിൻവലിക്കാൻ കഴിഞ്ഞില്ല. 19.07.2017-ലാണ് 76228 രൂപ പിൻവലിച്ചിട്ടുള്ളത്. ടെൻഡർ വ്യതിയാനം 0.5% കുറവ് വരുത്താത്തതുമൂലമുള്ള 1881 രൂപയുടെ നഷ്ടം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

*ചെലവ്*

300000/- രൂപ - ബിൽ നം. 6/16-17, തീയതി – 30.03.2017

76228/- രൂപ – ബിൽ നം. 1/17-18, തീയതി – 19.07.2017

## 3-4 ഒ.ഡി.എഫ് - അഡ്വാൻസ് തുക നൽകിയിട്ടും പണി പൂർത്തീകരിച്ചില്ല.

ഗ്രാമപഞ്ചായത്തിൽ വി.ഇ.ഒ നടപ്പിലാക്കിയ ഒ.ഡി.എഫ് പദ്ധതികളിൽ (പ്രോജക്ട് നം-99/17 (ജനറൽ) & 100/17 (പട്ടികജാതിവിഭാഗം) കക്കൂസ് നിർമ്മാണത്തിനായി അഡ്വാൻസ് നൽകിയെങ്കിലും താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിക്കുകയോ അഡ്വാൻസ് തിരിക നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നം | പേര് | അഡ്വാൻസ് | ബിൽ നം & തിയതി |
|---|---|---|---|
| 01 | ബ്രഹ്മാനന്ദ സാന്ദനാഥ്, കൈതവളപ്പിൽ | 12,000/- | 08/16-17 തി 29.09.16 |
| 02 | സന്തോഷ്, പനയ്ക്കൽനികർത്ത് | 6000/- | 05/16-17 തി-20.09.16 |
| 03 | ശാന്ത, തയ്യാപറമ്പിൽ | 6000/ | 05/16-17 തി-20.09.16 |
| 04 | ശാന്ത | 6,000/- | 07/16-17 തി-29.09.16 |
| 05 | ശിവരാജൻ നായർ, കാക്കനാട്ട് | 6,000/- | 07/16-17 തി-29.09.16 |

2016 നവംബറിൽ പഞ്ചായത്ത് സമ്പൂർണ്ണ ഒ.ഡി.എഫ് പ്രഖ്യാപനം നടത്തിയിരുന്നു. ഈ പദ്ധതിക്കായി അഡ്വാൻസ് കൈപ്പറ്റിയ ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും പണി പൂർത്തീകരിക്കുകയോ കൈപ്പറ്റിയ അഡ്വാൻസ് പണം തിരികെ നൽകുകയോ ചെയ്യാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അഡ്വാൻസ് കൈപ്പറ്റിയിട്ടും പ്രവൃത്തി ചെയ്യാത്ത ഗുണഭോക്താക്കളിൽ നിന്നും നൽകിയ തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഈയിനത്തിൽ ചെലവഴിച്ച 36000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 ഡ്രൈവിംഗ് പരിശീലനം- പരിശീലനത്തിന് മുമ്പേ തുക അഡ്വാൻസായി നൽകി

(ബിൽ നം-39/16-17 Rs.6000/- c/o 30.03.17

& 40/16-17 Rs.68000/- c/o 30.03.2017)

വി.ഇ.ഒ പെരുമ്പളം നിർവ്വഹണം നടത്തിയ ഡ്രൈവിംഗ് പരിശീലനം (പ്രോജക്ട് നം- 88/17 & 90/17) പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ച് പുത്തൻകാവിലമ്മ എം.ഡി.എസ്, പൂത്തോട്ട എന്ന സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിച്ച് നൽകിയിരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ലൈറ്റ് മോട്ടോർ ഡ്രൈവിംഗ് ലൈസൻസ് എടുത്തുനൽകുന്നതിന് ഒരാൾക്ക് 5000/- രൂപ നിരക്കും പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടവർക്ക് ടൂവീലർ & ലൈറ്റ് മോട്ടോർ ഡ്രൈവിംഗ് ലൈസൻസ് എടുത്തുനൽകുന്നതിന് ഒരാൾക്ക് 6000/- രൂപ നിരക്കുമാണ് അംഗീകരിച്ചത്. പദ്ധതി സ്പിൽ ഓവറായി നടപ്പാക്കിയെങ്കിലും പ്രവർത്തനങ്ങൾ നാളിതുവരെ പൂർത്തീകരിച്ച് മുഴുവൻ ഗുണഭോക്താക്കൾക്കും ലൈസൻസ് നൽകിയിട്ടില്ല. ഈ പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ പ്രധാന അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്താക്കൾ ലൈസൻസ് നേടിയ ശേഷം പദ്ധതി പ്രകാരമുള്ള തുക പരിശീലനസ്ഥാപനത്തിന് നൽകുന്നതിന് പകരം മുഴുവൻ ഗുണഭോക്താക്കൾക്കുമുള്ള സബ്സിഡി തുകയുടെ 40-50% മുൻകൂറായി പരിശീലനസ്ഥാപനത്തിന് നൽകി.
2. പരിശീലനം, അഡ്വാൻസ് തുക കൈപ്പറ്റൽ എന്നിവ സംബന്ധിച്ച് പരിശീലന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല.
3. സർക്കാർ പദ്ധതി വിഹിതത്തിൽ നിന്നും ഭവനനിർമ്മാണം അനുബന്ധപ്രവൃത്തികൾ എന്നിവക്ക് മാത്രമാണ് അഡ്വാൻസ് തുക പിൻവലിക്കാനാകുന്നത്. തൊഴിൽ പരിശീലനം സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭിക്കും മുമ്പ് അഡ്വാൻസ് നൽകുന്നതിന് മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല.
4. ഡ്രൈവിംഗ് പരിശീലനം ആരംഭിക്കുന്നതിന് മുമ്പായി, എത്രപേർ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്, എത്ര പേർ ഡ്രൈവിംഗ് ടെസ്റ്റുകൾക്ക് ഹാജരാകുന്നു എന്നതൊന്നും പരിശോധിക്കാതെ തുക അഡ്വാൻസ് നൽകി.
5. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുകയും എന്നാൽ പരിശീലനത്തിന് എത്താത്തതുമായ ഗുണഭോക്താക്കൾക്കായി നൽകിയ തുക തിരികെ ഈടാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥകളില്ല.
6. പദ്ധതിയുടെ കാലയളവ്, പരിശീലനം നൽകി ലൈസൻസ് ലഭ്യമാക്കുന്നതിന് ഡ്രൈവിംഗ് സ്ഥാപനത്തിന് അനുവദിക്കുന്ന സമയം സംബന്ധിച്ച വിവരങ്ങളൊന്നും ലഭ്യമല്ല.

മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ഈയിനത്തിൽ ചെലവഴിച്ച 74000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 3-6 പാലിയേറ്റീവ് പരിചരണം -മരുന്നുവാങ്ങലിലെ അപാകങ്ങൾ

പെരുമ്പളം സാമൂഹ്യാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പാലിയേറ്റീവ് പരിചരണ പദ്ധതിയിൽ 2,08,460/- രൂപ മരുന്നുവാങ്ങലിനായി ചെലവഴിച്ചിട്ടുണ്ട്. പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം ജി.ഒ (എം.എസ്)നം. 04/2016/തസ്വഭവ dtd 11.01.2016 ഖണ്ഡിക 7.4 പ്രകാരം ആരോഗ്യസ്ഥാപനങ്ങളി ലേക്കുള്ള മരുന്ന് വാങ്ങുന്ന പദ്ധതികളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ആവശ്യമാണ്. മാർഗ്ഗരേഖയനുസരിച്ച് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്ന് വാങ്ങുവാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കുവാനോ പാടില്ല . എന്നാൽ മെഡിക്കൽ ഓഫീസർ 2016-17 ൽ നടപ്പിലാക്കിയ മരുന്ന് വാങ്ങലുകളിലൊന്നും ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. അലോപ്പതി മരുന്നുകൾ കേരള

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നാണ് വാങ്ങേണ്ടത്. എന്നാൽ സർജിക്കൽ ഉപകരണങ്ങളും മരുന്നുകളും പൂർണ്ണമായും മെ.ഇംഗ്ലീഷ് കമ്പനി, ആലപ്പുഴ എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത്. ഈ ഉപകരണങ്ങൾ കാരുണ്യ ഫാർമസി പോലുള്ള സർക്കാർ സ്ഥാപനങ്ങളിൽ നിന്നല്ലാത്തതിനാലും ടെണ്ടർ പരസ്യമില്ലാത്തതിനാലും കുറഞ്ഞ വിലയ്ക്കുള്ള വാങ്ങൽ എന്ന സാധ്യത പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. കേരള സർക്കാർ സ്ഥാപനങ്ങളിലെ വാങ്ങലുകളുമായി ബന്ധപ്പെട്ട സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം (Revised as per G.O (P) No.3/2013/SPD, dated 21.06.2013) 15000 ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ക്വട്ടേഷനും 100000 രൂപക്ക് മുകളിലുള്ളവക്ക് ടെണ്ടറും ആവശ്യമാണ്.ഈ പദ്ധതിക്കായി 35 ഇനങ്ങൾക്കായി ക്വട്ടേഷൻ ക്ഷണിച്ചതായി രേഖയുണ്ട്. എന്നാൽ ക്വട്ടേഷനിൽ ഉൾപ്പെടാത്ത പല ഇനം മരുന്നുകളും ഉപകരണങ്ങളും ഇതേ സ്വകാര്യ കമ്പനിയിൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ അനുശാസിച്ചിട്ടുള്ള ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയും കാരുണ്യഫാർമസിയിൽ നിന്നല്ലാതെയും സ്റ്റോർ പർച്ചേസ് നിയമപ്രകാരമുള്ള ടെണ്ടർ നിബന്ധന പാലിക്കാതെയും മരുന്നുവാങ്ങിയത് പി.എം.സി (പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി), എച്ച്.എം.സി (ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി) എന്നിവയുടെ തീരുമാനപ്രകാരമാണെന്നും പദ്ധതി നടപ്പാക്കുന്നതിനുള്ള കാലതാമസം മൂലമാണ് നേരിട്ട് വാങ്ങൽ നടത്തിയതെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. പദ്ധതി പ്രവർത്തനങ്ങൾ ഏതാണ്ട് പൂർണ്ണമായും സാമ്പത്തികവർഷാവസാനത്തേക്ക് നീട്ടി വയ്ക്കുന്നതിനാലാണ് ഇപ്രകാരം നിയമപ്രകാരമുള്ള നിബന്ധനകൾ പാലിക്കാതെ പെട്ടന്നുള്ള വാങ്ങലുകൾക്ക് നിർബന്ധിക്കപ്പെടുന്നതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മരുന്നുവാങ്ങൽ പോലുള്ള പ്രവർത്തികൾക്കുള്ള സ്വാഭാവിക കാലതാമസം കണക്കാക്കി സാമ്പത്തികവർഷത്തെ മരുന്നുകളുടെ ഇൻഡന്റ് മുൻകൂർ തയ്യാറാക്കി സ്റ്റോർ പർച്ചേസ് നിയമപ്രകാരമുള്ള നിബന്ധനകൾ പാലിച്ച് കുറഞ്ഞ നിരക്കിന്റെ പരമാവധി ആനുകൂല്യം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 തെരുവുവിളക്കുകൾ -പഴയ നിരക്കിലെ ചാർജ്ജ് നൽകുന്നതുമൂലം അധികച്ചെലവ്

പെരുമ്പളം ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ 2016-17 ൽ പ്രതിമാസം 13287/- രൂപ വീതം കെ.എസ്.ഇ.ബിക്ക് നൽകിയിട്ടുണ്ട്. തെരുവുവിളക്കുകളുടെ താരിഫ് പുതുക്കിയ KSEB Bill പ്രകാരം നിലവിൽ താഴെപ്പറയുന്ന എണ്ണം ബൾബുകളാണ് തെരുവുവിളക്കുകളിൽ ഉപയോഗിച്ചിട്ടുള്ളത്.

സാധാരണ ബൾബ്- 60 W- 54 എണ്ണം – വൈദ്യുതി ചാർജ്- 5508/-

ഫ്ലൂറസെന്റ് ലാമ്പ് (2 x 40 W) -3എണ്ണം - വൈദ്യുതി ചാർജ്- 402/-

CFL ലാമ്പ് (2 x 11 W) 183 എണ്ണം - വൈദ്യുതി ചാർജ്- 2928/-

CFLലാമ്പ് (2 x14 W)എണ്ണം – 1വൈദ്യുതി ചാർജ്- 44/-

സോഡിയം വേപ്പർ ലാമ്പ് – 14 എണ്ണം വൈദ്യുതി ചാർജ്- 6258/-

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ ഫിറ്റിംഗ്, അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ പ്രധാനമായും C.F.L ലാമ്പ്, ട്യൂബ്സെറ്റുകൾ മാത്രമാണ് ഫിറ്റിംഗ്, അറ്റകുറ്റപ്പണികൾഎന്നിവക്കായി വാങ്ങി സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ഇതനുസരിച്ച് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ മുമ്പ് നൽകിയിരുന്ന തുകയിൽ യാതൊരു കുറവും വന്നിട്ടില്ല. സി.എഫ്.എല്ലിന്റെ (2x11w) വൈദ്യുതി ചാർജ് 12 മണിക്കൂറിന് 16 രൂപ മാത്രമായിരിക്കെ 60 വാട്ട് സാധാരണ ബൾബുകൾക്ക് 102 രൂപ വീതമാണ് നൽകേണ്ടിവരുന്നത്. പഞ്ചായത്ത് പുതുതായും അറ്റകുറ്റപ്പണി നടത്തിയും സ്ഥാപിക്കുന്ന തെരുവുവിളക്കുകൾ CFL ലാമ്പുകളാണ് എന്നിരിക്കെ കെ.എസ്.ഇ.ബി ബിൽ തുകയുടെ 36% വും വരുന്നത് 60 വാട്ട് സാധാരണ ബൾബുകളുടേതാണ് . വിവിധ തെരുവുവിളക്കുകളുടെ തരം, നിലവിലെ എണ്ണം എന്നിവ സംബന്ധിച്ച പരിശോധന നടത്തി യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന തെരുവുവിളക്കുകളുടെ തരത്തിന്

അനുസൃതമായ വൈദ്യുതി ചാർജ് മാത്രമാണ് നൽകുന്നത് എന്നുറപ്പുവരുത്തേണ്ടതാണ്.

## 3-8 തെരുവ് വിളക്ക് അറ്റകുറ്റ പണി -ആവശ്യമായ രേഖകളില്ലാതെ പണം നൽകി

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ തെരുവ് വിളക്ക് അറ്റകുറ്റപ്പണി എന്ന പ്രോജക്ടിനായി (S033/17) ആവശ്യമായ രേഖകളില്ലാതെ പണം നൽകി.

പഞ്ചായത്തിൽ തെരുവ് വിളക്കിനായി 14 സോഡിയം വേപ്പർ ലാമ്പ്, 183 CFL, 54 സാധാരണ ബൾബ്, 2 ട്യൂബ് സെറ്റ് എന്നിവ ഉപയോഗിക്കുന്നതായി കണക്കാക്കിയാണ് KSEB കറണ്ട് ചാർജ് ഈടാക്കുന്നത്. ഇവ കൃത്യമാണെന്ന് സംയുക്ത പരിശോധനയിലൂടെയോ സ്വന്തമായി പരിശോധിച്ചോ പഞ്ചായത്ത് ഉറപ്പുവരുത്തിയിട്ടില്ല. എന്നാൽ തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്ക് ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ CFL അല്ലാതെ മറ്റ് തെരുവ് വിളക്കുകൾ ഉപയോഗിക്കുന്നുണ്ടെന്നുള്ള പരിഗണന നൽകാതെ CFL ന്റേയും അനുബന്ധ വസ്തുക്കളുടേയും വില ഉൾപ്പെടുത്തിയുള്ള ക്വട്ടേഷൻ അംഗീകരിക്കുകയാണുണ്ടായത്.

തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്കായി ശ്രീ.ശ്രീജിത്ത് ടി.ആർ., താഴത്ത് പറമ്പ് ,പനങ്ങാട് എന്നയാളെയാണ് കമ്മറ്റി അംഗീകരിച്ചത്. ഇദ്ദേഹം സമ്മതിച്ച ഒരു പോസ്റ്റിന് 600 രൂപ എന്ന നിരക്കാണ്. ഇതിൽ CFL ന്റെ വില 160 രൂപ, സർവ്വീസ് വയർ 120 രൂപ, ഹോൾഡർ 20 രൂപ, ഫ്യൂസ് 40 രൂപ, ഇൻസുലേഷൻ ടേപ്പ് 10 രൂപ എന്നിങ്ങനെ സാധനങ്ങൾക്കായി 350 രൂപയും, സർവ്വീസ് ചാർജ് 250 രൂപയും ഉൾപ്പെടുന്നു.

ശ്രീ. ശ്രീജിത്ത് ടി.ആർ. തെരുവ് വിളക്കുകൾ അറ്റകുറ്റ പണി നടത്തിയിട്ടുണ്ടെന്ന് കാണിച്ച് അപേക്ഷ നൽകിയതിനെതുടർന്ന് വാർഡ് മെമ്പർമാരുടെ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാനത്തിൽ 35 എണ്ണത്തിന് ബിൽ നം. 34/10-3-17 പ്രകാരം 20000/- രൂപയും 16 എണ്ണത്തിന് ബിൽ നം. 60/30-3-17 പ്രകാരം 9500/- രൂപയും പിൻവലിച്ച് ഇദ്ദേഹത്തിനു നൽകി. എന്നാൽ CFL ഉൾപ്പെടെയുള്ള അനുബന്ധ സാധനങ്ങൾ ആവശ്യമാണെന്നോ ഇവ വാങ്ങിയിട്ടുണ്ടെന്നോ CFL ഉള്ള പോസ്റ്റുകളിൽ മാത്രമാണ് അറ്റകുറ്റപണി നടത്തിയതെന്നോ ഉള്ള കാര്യങ്ങൾ പരിശോധിച്ച് ഉറപ്പാക്കിയിട്ടില്ല. ആയതിനാൽ 51 പോസ്റ്റുകളിൽ അറ്റകുറ്റപണി നടത്തിയതിന് 250/- രൂപ വച്ച് 12750/- രൂപയുടെ (250*51) ചെലവ് കിഴിച്ച് അധികം നൽകിയ 16750/- രൂപയുടെ ചെലവ് (29500-12750) തടസ്സപ്പെടുത്തുന്നു. അനുബന്ധ വസ്തുക്കൾ വാങ്ങിയിട്ടുണ്ടെന്നതിന്റെ രേഖകളും ഇവ ഉപയോഗിച്ചിട്ടുണ്ടെന്നുള്ള രേഖകളും ഹാജരാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 സ്ട്രീറ്റ് ലൈനുവേണ്ടി പണം പിൻവലിച്ചെങ്കിലും K.S.E.B യിൽ അടച്ചില്ല.

വാത്തികാട് - കോടാലിച്ചിറ - മുക്കം സ്ട്രീറ്റ് ലൈനുവേണ്ടി (പ്രോജക്ട് നം. S035/17) K.S.E.B അരൂക്കുറ്റി 576925/- രൂപയുടെ എസ്റ്റിമേറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ 28-3-17 ലെ ബിൽ നം. 49, 50, 51, 52 എന്നിവ പ്രകാരം 241547/- രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്ത് വിഹിതം 114643/- രൂപ ഉൾപ്പെടെ 356190/- രൂപയാണ് ചെലവ് പത്രിക പ്രകാരം പ്രോജക്ടിന്റെ ചെലവ് കാണിച്ചിട്ടുള്ളത്. എന്നാൽ ഈ തുക K.S.E.B യിൽ അടച്ചിട്ടില്ല. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുക സംയുക്ത പ്രോജക്ടുകൾക്കായി പൂച്ചാക്കൽ സബ്ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടെന്നാണ് മറുപടി നൽകിയത്. പദ്ധതി പണം പിൻവലിച്ചതിനുശേഷം ചെലവ് കാണിക്കുകയും തുക ചെലവഴിക്കാതെ ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്യുന്നത് ക്രമപ്രകാരമല്ല. K.S.E.B യുമായി കരാർ വച്ച് തുക കൈമാറുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 ചെലവ് രേഖകൾ ഹാജരാക്കിയില്ല ചെലവ് തടസ്സപ്പെടുത്തുന്നു.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുമായി ബന്ധപ്പെട്ടുള്ള ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

1. വെറ്ററിനറി ഹോസ്പിറ്റൽ വയറിംഗ് -പ്രോജക്ട് നം. S037/17

   വെറ്ററിനറി ഹോസ്പിറ്റൽ വയറിംഗിനായി ആലപ്പുഴ PWD ഇലക്ട്രിക്കൽ ഡിവിഷനിൽ നിന്നും 151000/- രൂപയുടെ എസ്റ്റിമേറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ ബിൽ നം.14/11-11-16 പ്രകാരം ഈ തുക പിൻവലിച്ചു. എന്നാൽ ഈ തുക തെറ്റായി PWD ബിൽഡിംഗ് ഡിവിഷൻ ആലപ്പുഴയ്ക്ക് DD എടുത്തതിനാൽ DD ക്യാൻസൽ ചെയ്ത് പഞ്ചായത്തിന്റെ പേരിൽ SBT പെരുമ്പളത്തുള്ള അക്കൗണ്ടിൽ നിക്ഷേപിക്കുകയുണ്ടായി. ഈ തുക 2-3-17 ൽ അക്കൗണ്ടിൽ വരുകയും 14-3-17 ൽ ചെക്ക് നം. 918252 പ്രകാരം പിൻവലിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആലപ്പുഴ PWD ഇലക്ട്രിക്കൽ ഡിവിഷനിൽ തുക അടച്ച രേഖകളൊന്നും ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

2. ABC പ്രോഗ്രാം -പ്രോജക്ട് നം. S105/17

   തെരുവ് നായ ജനന നിയന്ത്രണത്തിനായി ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന ABC പ്രോഗ്രാമിന് പഞ്ചായത്ത് വിഹിതം നൽകുന്നതിനായി ബിൽ നം. 33/2-3-17 പ്രകാരം 50000/- രൂപ പിൻവലിച്ചു. ഈ തുക ജില്ലാ പഞ്ചായത്തിന് നൽകിയ രേഖകളോ ജില്ലാ പഞ്ചായത്തിന്റെ കൈപ്പറ്റ് രസീതോ ഹാജരാക്കാത്തതിനാൽ 50000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-11 കന്നുകുട്ടിപരിപാലനം

കന്നുകുട്ടി പരിപാലന പദ്ധതിക്കായി 24.03.2017-ലെ ബിൽ നം. 2/16-17 പ്രകാരം 150000/- രൂപ ട്രഷറിയിൽ നിന്ന് പിൻവലിച്ച് ആലപ്പുഴ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. അരയകുളങ്ങര ക്ഷീരസംഘം ലിമിറ്റഡ് നം. 253 വഴി കാലിത്തീറ്റ വിതരണം ആരംഭിച്ചിട്ടുണ്ടെന്നാണ് വെറ്ററിനറി സർജൻ അറിയിച്ചിട്ടുള്ളത്. പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് ചെലവ് വിവരങ്ങളും വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്കുകളുടെ പരിശോധന

പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ 2016-17ലെ വാർഷിക കണക്ക് പരിശോധിച്ച് വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

a) രസീത് & പെയ്മെന്റ് അക്കൗണ്ട്.

പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ 2016-17ലെ വരവ് -ചെലവ് കണക്കിന്റെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---:|
| മുന്നിരുപ്പ് | 6116113 |
| വരവ് | 26131573 |
| ആകെ | 32247686 |
| ചെലവ് | 25230856 |
| നീക്കിയിരുപ്പ് | 7016830 |

b) ഇൻകം എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

| | |
|---|---|
| ആദായം | 66127237 |
| (-) പ്രയർ പീരീഡ് ഐറ്റം | 200667 |
| ഡെഫിസിറ്റ് | 368558 |

C) ബാലൻസ് ഷീറ്റ്

സ്ഥാപനത്തിന്റെ 31-3-2017ലെ സംക്ഷിപ്ത സാമ്പത്തിക നില താഴെ പറയുന്നു.

| | |
|---|---|
| ആകെ ആസ്തി | 33554067 |
| (-)റിസർവും earmarked fundഉം ഉൾപ്പെടെ ആകെ ബാധ്യത | 37317771 |
| പഞ്ചായത്ത് ഫണ്ട് | (-)3763704 |

രസീത് & പെയ്മെന്റ് അക്കൗണ്ട്, ഇൻകം എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് ഇവ പരിശോധിച്ചതിൽ താഴെപറയുന്ന അപാകതകൾ കാണുന്നു.

1. താഴെപറയുന്ന ഫണ്ടുകളുടെ റവന്യൂ ചെലവുകളും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനും കൂട്ടിയെടുത്ത തുകയല്ല ആകെചെലവ് കാണിച്ചിട്ടുള്ളത്.

| ഫണ്ട് ഇനം | റവന്യൂ ചെലവ് (I-6) | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ | ആകെ ചെലവ് | (RP-31) പ്രകാരം ആകെ ചെലവ് |
|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 291071 | 4541 | 295612 | 285405 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 2262116 | 308176 | 2570292 | 2554755 |

2. 2015/16 വർഷത്തെ ബാലൻസ് ഷീറ്റിൽ എക്സസ് ഇൻകം ഓവർ എക്സ്പെന്റിച്ചർ 3478900/- രൂപയാണ് അതോടൊപ്പം തൻ വർഷത്തെ ആദായം 66127237/-രൂപ കൂട്ടിയാൽ ലഭിക്കുന്ന 62648337/- രൂപയിൽ നിന്നും പ്രയർ പീരീഡ് ഐറ്റം ഒഴികെയുള്ള ചെലവ് 66295128/- കുറച്ചാൽ കിട്ടുന്ന 3646791/- രൂപയ്ക്കു പകരം പ്രയർ പീരീഡ് ഐറ്റം ഉൾപ്പെടെയുള്ള ചെലവ് കുറച്ചാണ് 2016-17 വർഷത്തെ ബാലൻസ് ഷീറ്റിൽ എക്സസ് ഇൻകം ഓവർ എക്സ്പെന്റിച്ചർ കാണിച്ചിട്ടുള്ളത്.
3. I-1 പ്രകാരം വസ്തു നികുതി റസിഡൻഷ്യൽ ബിൽഡിംഗ് പിരിക്കേണ്ട തുക 372398/- രൂപയാണ് പിരിവ് RP-43 പ്രകാരം 270459/- രൂപയാണ് ഇതുപ്രകാരം ബാലൻസ് പിരിച്ചെടുക്കുവാനുള്ളത് 101939/- രൂപയാണ് എന്നാൽ ബാലൻസ് ഷീറ്റിൽ (B-15 ) 157036/- രൂപ പിരിക്കാനുണ്ടെന്ന് കാണിച്ചിട്ടുണ്ട്.
4. I-1 പ്രകാരം വസ്തു നികുതി നോൺ റസിഡൻഷ്യൽ ബിൽഡിംഗ് പിരിക്കേണ്ട തുക 150000/- രൂപയാണ് പിരിവ് RP-43 പ്രകാരം 867/- രൂപയാണ് ഇതുപ്രകാരം ബാലൻസ് പിരിച്ചെടുക്കുവാനുള്ളത് 149133/- രൂപയാണ് എന്നാൽ ബാലൻസ് ഷീറ്റിൽ (B-15) 106590/- രൂപ പിരിക്കാനുണ്ടെന്നാണ് കാണിച്ചിട്ടുള്ളത്
5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഓരോ ഇനങ്ങളുടേയും മൂല്യം കൂട്ടിയെഴുതിയിട്ടില്ല. തൻമൂലം ബാലൻസ് ഷീറ്റിൽ കാണിച്ചിട്ടുള്ള ഓരോ ആസ്തികളുടേയും മൂല്യം കൃത്യമാണെന്ന് ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. മാത്രമല്ല ഡിപ്രീസിയേഷൻ കണക്കാക്കിയത് വിശദീകരിച്ചിട്ടില്ല.
6. 2015-16 വർഷത്തെ ബാലൻസ് ഷീറ്റിൽ തിരിച്ചടക്കുവാനുള്ള ലോൺ 2081427/- രൂപയാണ്. 2016-17 വർഷം 1277745/- രൂപ തിരിച്ചടച്ചിട്ടുണ്ട് ബാക്കി 803682/- രൂപയാണ് വരേണ്ടത് പകരം 2016-17 വർഷത്തെ ബാലൻസ് ഷീറ്റിലും ലോൺ രജിസ്റ്ററിലും തിരിച്ചടക്കുവാനുള്ള ലോൺ 154382/- രൂപയാണ് കാണിച്ചിട്ടുള്ളത്.
7. ജില്ലാ പഞ്ചായത്ത്, ബ്ളോക്ക് പഞ്ചായത്ത് വിഹിതം പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.
8. വാത്തികാട് – കോടാലിച്ചിറ – മുക്കം സ്ട്രീറ്റ് ലൈനുവേണ്ടി ട്രഷറിയിൽ നിന്നും പിൻവലിച്ച 241547/- രൂപ പൂച്ചാക്കൽ സബ് ട്രഷറിയിൽ സംയുക്ത പ്രോജക്ടുകൾക്കായി ആരംഭിച്ചിട്ടുള്ള അക്കൌണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. എന്നാൽ ഈ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-2. സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 60000 | പാലിന് സബ്സിഡി | 60000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 400000 | സാന്ത്വന പരിചരണം | 200000 | 200000 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 99550 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 44350 | 55200 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 50000 | | - | 50000 |

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | കനകവെളി - മുസ്ലിംപള്ളി- പുതുക്കാട് റോഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 67/23.02.2017 | 71565 | 71565 | - |

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | സർക്കാർ ഉത്തരവ് (സാധാ) നം. 869/2010 15.03.2010 | 6993000 | 2081427 | 1277745 | - | 803682 | |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 32247686 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 25230856 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 8900 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 17471 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 327750 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-2 | 3750 | | ശ്രീ. പി. വി. മണിയപ്പൻ, സെക്രട്ടറി |
| | 3750 | | ശ്രീ. ഷിബു. കെ. എം, സെക്രട്ടറി |
| 2-5 | 1400 | | ശ്രീ. ഷിബു. കെ. എം, സെക്രട്ടറി |
| 3-1 | | 3200 | ശ്രീ. ഷിബു. കെ. എം, സെക്രട്ടറി |
| 3-2 | | 12390 | ശ്രീ. ഷിബു. കെ. എം, സെക്രട്ടറി, 10.03.2017-ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങൾ (അനുബന്ധമായി ചേർത്തിട്ടുണ്ട്) |
| 3-3 | | 1881 | ശ്രീമതി.ര മ. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 8900 | 17471 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 36000 | ശ്രീമതി. ദീപ. ആർ, എൽ.വി.ഇ.ഒ, പെരുമ്പളം തെക്ക് |
| 3-5 | 74000 | ശ്രീ. മനോജ്. കെ. കെ, വി.ഇ.ഒ, പെരുമ്പളം തെക്ക് |
| 3-8 | 16750 | ശ്രീ. ഷിബു. കെ. എം, സെക്രട്ടറി |
| 3-10 (1) | 151000 | ശ്രീ. ഷിബു. കെ. എം, സെക്രട്ടറി |
| 3-10 (2) | 50000 | ശ്രീ. ഷിബു. കെ. എം, സെക്രട്ടറി |
| ആകെ | 327750 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.വി മണിയപ്പൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>എഴുപുന്ന ഗ്രാമ പഞ്ചായത്ത് | പുത്തൻതറ,<br>എഴുപുന്ന തെക്ക് പി.ഒ,<br>ചേർത്തല |
| ശ്രീ. ഷിബു. കെ. എം,<br>സെക്രട്ടറി | സെക്രട്ടറി,<br>മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് | ഷാനിവാസ്,<br>ആര്യാട് വടക്ക് പി.ഒ,<br>ആലപ്പുഴ |
| ശ്രീമതി. ദീപ. ആർ,<br>എൽ.വി.ഇ.ഒ,<br>പെരുമ്പളംതെക്ക് | എൽ.വി.ഇ.ഒ, അരൂക്കുറ്റി | പടിഞ്ഞാറെതരകൻപറമ്പിൽ,<br>പള്ളിപ്പുറം പി.ഒ |
| ശ്രീ.മനോജ്.കെ.കെ,<br>വി.ഇ.ഒ, പെരുമ്പളം തെക്ക് | വി.ഇ.ഒ, പെരുമ്പളം വടക്ക് | കടവിലത്തറ, അരൂർ.പി.ഒ |
| ശ്രീമതി.രമ.എസ്.,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>ബ്ലോക്ക് ഓഫീസ്, തൈക്കാട്ടുശ്ശേരി | ആതിര, CMC-9, ചേർത്തല |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.ജി.എ-10-941/09/.11.2010 |
| 1998-99 | എൽ.എഫ്.ജി.എ-5-1832/11/17.01.2012 |
| 2000-01 | എൽ.എഫ്.ജി.എ-5-1832/11/17.01.2012 |
| 2001-02 | എൽ.എഫ്.ജി.എ-5-1832/11/17.01.2012 |
| 2002-03 | എൽ.എഫ്.ജി.എ-5-1832/11/17.01.2012 |
| 2003-04 | എൽ.എഫ്.ജി.എ-5-26/11/16.07.2011/29.07.2011 |
| 2004-05 | എൽ.എഫ്.ജി.എ-5-26/11/16.07.2011/29.07.2011 |

| | |
|---|---|
| 2005-06 | എൽ.എഫ്.ജി.എ-5-26/11/16.07.2011/29.07.2011 |
| 2006-07 | എൽ.എഫ്.ജി.എ-5-26/11/16.07.2011/29.07.2011 |
| 2007-08 | എൽ.എഫ്.ജി.എ പി9 1764/11/13.04.2012 |
| 2008-09 | എൽ.എഫ്.ജി.എ പി9 1765/11/13.04.2012 |
| 2009-10 | എൽ.എഫ്.ജി.എ പി9 1766/11/13.04.2012 |
| 2010-11,2011-12 | എൽ.എഫ്.ജി.എ പി9 1401/12/18.12.2012 |
| 2012-13 | എൽ.എഫ്.ജി.എ പി9 1018/14/22.09.2014 |
| 2013-14 | എൽ.എഫ്.ജി.എ പി9-886/15/17.07.2015/04.08.2015 |
| 2014-15 | കെ.എസ്.എ.എ.എൽ.പി.പി12-552/16 തീയതി. 21.05.2016 |
| 2015-16 | കെ.എസ്.എ.എ.എൽ.പി.പി12-1306/16 തീയതി. 22.11.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

നം. കെ.എസ്.എ-എ.എൽ.പി-പി14-1202/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

തീയതി : 16.09.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുമ്പളം ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P14-1202/17

Kerala State Audit Department,

District Audit Affice, Alappuzha.

Date : 16.09.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Perumbalam Grama Panchayat in Alappuzha district for the year ended on 31.03.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statement of Perumbalam Grama Panchayat for the year 2016-17 except the observations in Para 4-1 of my Audit Report properly presents the picture of income and expenditure.

Deputy Director

kerala State Audit Department

Alappuzha

## 10.03.2017 – ലെ പഞ്ചായത്ത് കമ്മറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടെ പേരുവിവരം

| വാർഡ് നം. | അംഗത്തിന്റെ പേര് | മേൽവിലാസം |
|---|---|---|
| 1 | ശ്രീമതി. ഷൈജാ രാജപ്പൻ | തൊമ്മന്റേഴത്ത്, പെരുമ്പളം |
| 2 | ശ്രീമതി. ലതിക തിലകൻ | കൈകാട്ട്, പെരുമ്പളം |
| 3 | ശ്രീമതി. ഓമന രാജു | വിക്കാരംപറമ്പിൽ, പെരുമ്പളം |
| 4 | ശ്രീ. അനൂപ്. ടി. ബി | തെക്കേ ബ്ലാങ്ങാട്ട്, പെരുമ്പളം |
| 5 | ശ്രീമതി. ഗീത സന്തോഷ് | വെടമ്പുറത്ത്, പെരുമ്പളം |
| 6 | ശ്രീമതി. ശാന്ത അംബുജൻ | കാവൽപറമ്പ്, പെരുമ്പളം |
| 7 | ശ്രീ. പി. ഡി. സജീവ് | ദേവസ്വംചിറ, പെരുമ്പളം |
| 8 | ശ്രീമതി. ശോഭന ചക്രപാണി | അയ്യൻപറമ്പിൽ, പെരുമ്പളം |
| 9 | ശ്രീ. ആൻസ്. പി.എ | റിയാസ് മൻസിൽ, പെരുമ്പളം |
| 10 | ശ്രീ. കെ. എസ്. ഷിബു | ചെത്തിപറമ്പത്ത്, പെരുമ്പളം |
| 11 | ശ്രീമതി. അരുണാദേവി ശ്രീകുമാർ | ചക്കുങ്കൽ, പെരുമ്പളം |
| 12 | ശ്രീ. ജയകുമാർ, കാളിപറമ്പ് | പീടികപറമ്പിൽ, പെരുമ്പളം |
| 13 | ശ്രീമതി. സജിനി മണിയൻ | നീതുഭവൻ, പെരുമ്പളം |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ